**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയാൻ കർമ്മപരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ തരത്തിലുള്ള രാസ ലഹരിപദാർത്ഥങ്ങളുടെ വിതരണവും ഉപയോഗവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 2021 വർഷത്തെ അപേക്ഷിച്ച് 2022 വർഷത്തിൽ കണ്ടെടുത്ത മയക്കുമരുന്നുകളുടെ അളവിലും, രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | മയക്കുമരുന്നുകളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷത്തിലുണ്ടാക്കുന്ന അത്യന്തം അപകടകരമായ പ്രത്യാഘാതങ്ങൾ നേരിടാൻ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മയക്കുമരുന്നുകളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷത്തിലുണ്ടാക്കുന്ന അത്യന്തം അപകടകരമായ പ്രത്യാഘാതങ്ങൾ നേരിടാൻ ലഹരിക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും, എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തിയും, എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർത്തും ബൃഹത്തായ ഒരു കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു<br><br>മയക്കുമരുന്നുകളുടെ കടത്തലും, സംഭരണവും, വിപണനവും, ഉപയോഗവും തടയുന്നതിനായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും സഹകരിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി അധ്യക്ഷനായി സംസ്ഥാനതല സമിതിയും, ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും അംഗങ്ങളുമായി ജില്ലാ/തദ്ദേശസ്വയംഭരണ/വാർഡ് തല സമിതികളും രൂപീകരിച്ചിട്ടുണ്ട്. ലഹരിമുക്ത കേരളം (Say no to Drugs) ക്യാമ്പയിനിന്റെ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പരിപാടികൾ വൻ വിജയമായതിനെ തുടർന്ന് അതിന്റെ തുടർച്ചയായി 2022 നവംബർ 14 |

| | | | |
|---|---|---|---|
| | | | മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ട പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ച് നടപ്പിലാക്കി വരുന്നു.<br><br>ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും, സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയും, എക്സൈസ് വകുപ്പും, വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കുകയും, എല്ലാ ജില്ലകളിലും അധ്യാപകർ, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രചാരണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 6 മുതൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തി വിവിധ പരിപാടികളും മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പോസ്റ്ററുകളും, ലഹരിവിരുദ്ധ പ്രചരണ ബോർഡുകളും സ്ഥാപിക്കുകയും വാഹനത്തിൽ എൽ.ഇ.ഡി സ്ക്രീൻ ഉപയോഗിച്ച് വാഹന പ്രചരണം നടത്തുകയും ചെയ്തു. ഭാരത് സ്കൗട്സ് & ഗൈഡ്സുമായി ചേർന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി, ഭവന സന്ദർശനം എന്നിവ നടത്തി.<br><br>ഒക്ടോബർ 22 ന് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും, ഒക്ടോബർ 24, 25 തീയതികളിൽ ഗ്രന്ഥശാലകളിലും, വീടുകളിലും, വ്യാപാര സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ദീപം തെളിയിച്ചു. 2022 നവംബർ 1 ന് വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും ലഹരിവിരുദ്ധ ശൃംഖല തീർക്കുകയും, ശൃംഖലയിൽ പങ്കെടുത്തവർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും, പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. |
| (സി) | മയക്കമരുന്നുകളുടെ കാര്യത്തിൽ ശക്തമായ പോലീസ് നടപടികൾക്കൊപ്പം ജനകീയ നിരീക്ഷണവും ബോധവൽക്കരണവും | (സി) | എൻഫോഴ്സ്മെന്റ് നടപടികൾക്കൊപ്പം മയക്കമരുന്നുകളുടെ കാര്യത്തിൽ ജനകീയ നിരീക്ഷണവും ശക്തമായ ബോധവൽക്കരണവും കാര്യക്ഷമമാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, |

| | | | |
|---|---|---|---|
| | കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | | വായനശാലകൾ, ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപന/വാർഡുതല കമ്മിറ്റികൾ എന്നിവയുമായും, വിവിധ വകുപ്പുകളുമായും ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങളും വിവരശേഖരണവും നടത്തി വരുന്നു. ആദിവാസി, തീരദേശമേഖലകളിൽ യുവാക്കളുടെയും കുട്ടികളുടെയും ശ്രദ്ധ ലഹരി ഉപയോഗത്തിലേയ്ക്ക് തിരിയാതിരിക്കുന്നതിനും അവരെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിനുമായി വിമുക്തിയുടെ ഭാഗമായി വിവിധ കായികയിനങ്ങളിൽ പരിശീലനവും, മത്സരങ്ങളും നടത്തി വരുന്നതോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും വിവരശേഖരണവും നടത്തി വരുന്നു.<br><br>ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും, സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി ജീവനക്കാർ, ആശാവർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വിദ്യാർത്ഥികളെ വ്യാപകമായി ലഹരിമരുന്ന് മാഫിയ ലക്ഷ്യംവയ്ക്കുന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസുകളും മറ്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന 'ഉണർവ്വ്' പദ്ധതി മറ്റ് 13 ജില്ലകളിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ കൂടി നടപ്പിലാക്കും. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകി ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനായി |

'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരിമുക്തമാക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും വിദ്യാർത്ഥികൾ സ്കൂളുകളിലേക്ക് പോകുന്ന വഴികളിലും, ബസ് സ്റ്റോപ്പുകളിലും മയക്കു മരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളിലും എക്സൈസ് വകുപ്പ് നിരീക്ഷണം നടത്തി വരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ്, പരിശോധന നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിക്കും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, എക്സൈസ് ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരും ഈ കമ്മിറ്റികളിൽ അംഗങ്ങളാണ്.

സ്കൂൾ തുറക്കുന്ന സമയവും, ഇന്റർവെൽ സമയങ്ങളിലും, സ്കൂൾ സമയം കഴിയുമ്പോഴും പുറത്തുവരുന്ന വിദ്യാർത്ഥികളിൽ ഒറ്റപ്പെട്ടു നടക്കുന്നവരെയും അസ്വാഭാവികമായ രീതിയിൽ കാണപ്പെടുന്നവരെയും നിരീക്ഷിച്ചു വരുന്നതും, സ്കൂൾ പരിസരത്തെ കടകളിൽ ലഹരി കലർന്ന എന്തെങ്കിലും വസ്തുക്കൾ വില്പന നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചു വരുന്നതുമാണ്. വിദ്യാലയങ്ങളുടെയും കോളേജുകളുടെയും പരിസരങ്ങളിലെ അപരിചിതരായ ആളുകളുടെ സാന്നിധ്യം നിരീക്ഷിക്കുന്നതിനായി പരിസരത്തുള്ള കടകളിലെയും വീടുകളിലെയും വ്യക്തികളുടെ സഹായത്തോടെ നിരീക്ഷണങ്ങൾ നടത്തി ലഹരി വിൽപനക്കാരെ കണ്ടെത്തുന്നതിനായി ശ്രമിക്കുന്നുണ്ട്. കൂടാതെ കുടുംബശ്രീ, അയൽക്കൂട്ടം, സ്പോർട്സ് ക്ലബ്ബുകൾ, ആർട്സ് ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ ലഹരിക്കെതിരെ പോരാടുന്നതിന് പൊതുജനങ്ങളെ ബോധവൽക്കരിച്ച് വരുന്നു. ജനജാഗ്രതാ സമിതികൾ രൂപീകരിച്ച്

| | | | |
|---|---|---|---|
| | | | യുവാക്കൾക്കിടയിൽ തൊഴിലിടങ്ങൾ കേന്ദ്രീകരിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ